LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനം

138 (3572) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനം ലഭിക്കുന്നവരുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പട്ടികയിൽ നിന്നും എത്രപേരെയാണ് ആദ്യഘട്ടമെന്ന നിലയിൽ നിയമനത്തിനായി പരിഗണിക്കുന്നത് ;

(സി) ആദ്യഘട്ടത്തിൽ പരിഗണിക്കുന്നവരുടെ എണ്ണം കണക്കാക്കിയതിന്റെ മാനദണ്ഡം ?

ഉത്തരം

(എ) 52 പേരടങ്ങിയ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 12 പേരെ നിയമിച്ചിട്ടുണ്ട്.

(സി) 31-3-2012 മുതൽ 30-5-2015 വരെയുള്ള ഒഴിവിന്റെ 10% കണക്കാക്കിയാണ് നിയമനം നൽകിയിട്ടുള്ളത്.

കുറ്റ്യാടി ജലസേചന പദ്ധതി

139 (3573) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റ്യാടി ജലസേചന പദ്ധതിക്ക് കീഴിൽ കനാൽ നവീകരണം, കനാൽ ബണ്ട് റോഡ് പരിഷ്കരണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഓരോന്നിനും എത്ര ഭരണാനുമതി വീതം അനുവദിച്ചുവെന്നും ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറ്റ്യാടി ജലസേചന പദ്ധതിക്ക് കീഴിൽ കനാൽ നവീകരണം, കനാൽ ബണ്ട് റോഡ് പരിഷ്കരണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വാർഷിക അറ്റകുറ്റപ്പണികൾക്ക് 2011-12 വർഷത്തിൽ 216 ലക്ഷം രൂപ, 2012-13 വർഷത്തിൽ 240 ലക്ഷം രൂപ, 2013-14 വർഷത്തിൽ 240 ലക്ഷം രൂപ, 2014-15 വർഷത്തിൽ 240 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷത്തിലെയും ലിസ്റ്റും ഇകയും അതിൽ പൂർത്തീകരിക്കാത്ത പണികളും നിലവിലെ വിവിധ വിവരങ്ങളും അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു.*

നിലയ്ക്കൽ കടിവെള്ള പദ്ധതി

140 (3574) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏതുഘട്ടം വരെയായി ; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത് ;

(ബി) അട്ടത്തോട് കോളനി നിവാസികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമോ ; എവിടെ നിന്നാണ് പദ്ധതിക്കായി വെള്ളം എടുക്കുന്നത് ; ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് എവിടെയാണ് ;

(സി) അയ്യപ്പഭക്തർക്കും ആദിവാസി കോളനിക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന പദ്ധതിയുടെ നിർമ്മാണത്തിന് തടസ്സം എന്തൊക്കെയാണ് ; തടസ്സം നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാവുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന നബാർഡിന്റെ ധനസഹായത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സീതത്തോട്-നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതിക്ക് ഒന്നാം ഘട്ടമായി 909 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ പദ്ധതിയുടെ ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ജലശുദ്ധീകരണശാല പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം കെ.എസ്.ഇ.ബി.-യുടെ അധീനത യിലുള്ളതാണ്. എന്നാൽ കെ.എസ്.ഇ.ബി.-യുടെ പ്രോജക്ടിന് സുരക്ഷിതത്വപ്രശ്നം ഉള്ളതു കൊണ്ട് ഈ സ്ഥലം വിട്ടുനൽകാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിൽനിന്നും വ്യത്യസ്തമായി ഇൻടേക്ക് കിണറിന് സമീപമുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly